(ബി) വെടിവയ്പിനു് ഉത്തരവാദികളായ പോലീസു് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) എത്ര പേരെ സസ്പെൻഡു് ചെയ്തിട്ടുണ്ടു്;

(ഡി) സസ്പെൻഡു് ചെയ്തവരിൽ എത്ര പേരെ തിരിച്ചു് എടുത്തിട്ടുണ്ടു്;

(ഇ) ഇപ്പോൾ സസ്പെൻഷനിലുള്ളവരെത്ര?

ഉത്തരം

(എ) അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പ്രാവശ്യം.

(ബി, സി, ഡി) ഒരു എസ്. ഐ.യെ സസ്പെൻഡു് ചെയ്യുകയുണ്ടായിട്ടുണ്ടു്.

(ഇ) ആരുമില്ല.

ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനു് നടത്തിയ പോലീസു് വെടിവെപ്പുകൾ

1722 [2591] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനു് എത്ര വെടിവെപ്പുകൾ നടത്തിയിട്ടുണ്ടു്;

(ബി) ഇതു് സംബന്ധിച്ചു് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(സി) വെടിവെപ്പിനു ഉത്തരവാദികളായ എത്ര പോലീസു് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചു;

(ഡി) ഇതിൽ എത്ര പേർ ഇപ്പോൾ സസ്പെൻഷനിലുണ്ടു്;

(ഇ) എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടു്?

ഉത്തരം

(എ) 40.

(ബി) 44 കേസുകൾ.

(സി) 8 പോലീസു് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചു.

(ഡി) 6 പേർ ഇപ്പോൾ സസ്പെൻഷനിലുണ്ടു്.

(ഇ) ഒരാളെ തിരിച്ചെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly